## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിനുള്ള സേവനദാതാവായി ഗ്രീൻ വില്ലേജ്, ഡി 22/5, ശ്രീചിത്ര നഗർ, പാങ്ങോട്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം. 2700/2017/തസ്വഭവ തിരുവനന്തപുരം, തീയതി 04.08.2017

---

പരാമർശം:- 1. സ.ഉ.(സാധാ)നം.3508/2014/തസ്വഭവ തീയതി 31.12.2014.

2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 19.07.2017 ലെ 2640/സി2/2015/എസ്.എം. നമ്പർ കത്ത്

### ഉത്തരവ്

സംസ്ഥാനത്തൊട്ടാകെയുള്ള ഖരമാലിന്യ സംസ്കരണ സംവിധാനം ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിലേയ്ക്കായി ഈ മേഖലയിൽ സേവനം നല്കുന്നതിന് കൂടുതൽ സേവനദാതാക്കളെ ജില്ലകളിലെ ആവശ്യത്തിനനുസരിച്ച് തെരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നതിനും നിലവിലുള്ള സേവനദാതാക്കളിൽ നിന്നും അധികസർവ്വീസ് മേഖലയ്ക്കുള്ള അപേക്ഷ ക്ഷണിക്കുന്നതിനും പരാമർശം(1) ഉത്തരവ് പ്രകാരം ശുചിത്വമിഷന് അനുമതി നല്കി ഉത്തരവായിരുന്നു.ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള ഏജൻസിയായി എംപാനൽ ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഗ്രീൻ വില്ലേജ്, ഡി 22/5 ശ്രീചിത്ര നഗർ, പാങ്ങോട്, തിരുവനന്തപുരം എന്ന സ്ഥാപനം സമർപ്പിച്ച അപേക്ഷ ശുചിത്വ മിഷന് കീഴിലുള്ള സാങ്കേതിക സമിതി പരിശോധിക്കുകയും, ടി ഏജൻസിയുടെ പ്രസ്തുത മേഖലയിലെ പ്രവൃത്തി പരിചയവും പ്രാവീണ്യവും വിലയിരുത്തുകയും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിനുള്ള നിരക്ക് സംബന്ധിച്ച് പ്രത്യേകം വിലയിരുത്തേണ്ടതിനാൽ സേവനദാതാവായി തത്വത്തിൽ അംഗീകാരം നൽകാം എന്ന് നിർദ്ദേശിക്കുകയുമുണ്ടായി. ഗ്രീൻ പ്രോട്ടോക്കോളുമായി ബന്ധപ്പെട്ട മേഖലയിലേക്ക് നിരക്ക് ഉൾപ്പടെ വിശദമായ EOI ക്ഷണിച്ച് സേവനദാതാക്കളെ തിരഞ്ഞെടുക്കുന്നതാണ് ഉചിതമെന്നതിനാൽ ഗ്രീൻ വില്ലേജ്,ഡി 22/5, ശ്രീചിത്ര നഗർ, പാങ്ങോട്, തിരുവനന്തപുരം എന്ന സ്ഥാപനത്തെ തൽക്കാലത്തേക്ക് സംസ്ഥാനത്തെ വിവിധ തദ്ദേശസ്വയംഭരണ /സർക്കാർ സ്ഥാപനങ്ങളിലും അവർ നടത്തുന്ന പൊതു പരിപാടികളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നതിനുള്ള സേവനദാതാവായി അംഗീകരിക്കാം എന്ന് ശുചിത്വ മിഷൻ സാങ്കേതിക സമിതി നിർദ്ദേശിച്ച സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനത്തെ ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിനുള്ള സേവനദാതാവായി അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഗ്രീൻ വില്ലേജ്, ഡി 22/5, ശ്രീചിത്ര നഗർ, പാങ്ങോട്, തിരുവനന്തപുരം എന്ന സ്ഥാപനത്തെ "ഗ്രീൻ പ്രോട്ടോകോൾ" പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള സേവനദാതാവായി അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**എ. ഷാജഹാൻ,**
ഗവൺമെന്റ് സെക്രട്ടറി.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
ഗ്രീൻ വില്ലേജ്, ഡി 22/5, ശ്രീചിത്ര നഗർ, പാങ്ങോട്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
എല്ലാ വകുപ്പ് അധ്യക്ഷന്മാർക്കും (ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും.(പഞ്ചായത്ത് ഡയറക്ടർ മുഖേന )
എല്ലാ നഗര സഭകൾക്കും(നഗരകാര്യ ഡയറക്ടർ മുഖേന )
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും(നഗരകാര്യ ഡയറക്ടർ മുഖേന )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)(എ&ഇ)/(എൽ.ബി.എ & എ)കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ